**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2098 06.02.2019 ൽ മറുപടിക്ക്

**ആർദ്രം പദ്ധതി**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സി കളെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ളത്; കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് ഏതൊക്കെ പി.എച്ച്.സികളെ ഇനിയും പരിഗണിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ താനൂർ മണ്ഡലത്തിലെ ഒഴൂർ പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിരുന്നു. ടി പ്രാഥമികാരോഗ്യ കേന്ദ്രം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ. രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ താനൂർ മണ്ഡലത്തിലെ പൊൻമുണ്ടം, താനാളൂർ, തേവർക്കടപ്പുറം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി താനൂർ സി.എച്ച്.സി. ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇനി എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ആരോഗ്യസ്ഥാപനങ്ങളേയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ആർദ്രം പദ്ധതിയിൽ താനൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി.രജിസ്ട്രേഷൻ സൗകര്യങ്ങൾ, രോഗികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൽട്ടേഷൻ മുറികൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ. കുടിവെള്ള സൗകര്യം. ടോയിലറ്റ് സൗകര്യം. വിഷാദരോഗത്തിനുള്ള ആശ്വാസ് ക്ലിനിക്, ശ്വാസകോശ ചികിത്സയ്ക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മൂന്നു ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കും കൗൺസലിംഗും, വൈകിട്ട് 6 മണിവരെ ഒ.പി.സേവനങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ എന്നിവയാണ് ലഭ്യമാക്കി വരുന്നത്. |
| (സി) | ആർദ്രം പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലയിൽ ആകെ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2017-2018

## കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മണ്ഡലം തിരിച്ചുള്ള ലിസ്റ്റ്

| ക്രമനം. | സ്ഥാപനം(എഫ്.എച്ച്.സി) | നിയോജക മണ്ഡലം |
|---|---|---|
| 1 | തിരുനാവായ | തിരൂർ |
| 2 | പാണ്ടിക്കാട് | മഞ്ചേരി |
| 3 | ചോക്കാട് | വണ്ടൂർ |
| 4 | എ.ആർ നഗർ | വേങ്ങര |
| 5 | താഴെക്കോട് | പെരിന്തൽമണ്ണ |
| 6 | എടയൂർ | കോട്ടക്കൽ |
| 7 | കുഴിമണ്ണ | ഏറനാട് |
| 8 | അത്താണിക്കൽ | വള്ളിക്കുന്ന് |
| 9 | വഴിക്കടവ് | നിലമ്പൂർ |
| 10 | വട്ടംകുളം | ത്രിക്കണ്ണാപുരം |
| 11 | പരപ്പനങ്ങാടി | തിരൂരങ്ങാടി |
| 12 | മൊറയൂർ | മലപ്പുറം |
| 13 | പാങ്ങ് | മങ്കട |
| 14 | ആലംകോട് | പൊന്നാനി |
| 15 | പുളിക്കൽ | കൊണ്ടോട്ടി |
| 16 | പൊന്മല | കോട്ടക്കൽ |
| 17 | ഒഴൂർ | താനൂർ |

## 2018-2019

## കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മണ്ഡലം തിരിച്ചുള്ള ലിസ്റ്റ്

| ക്രമനം. | സ്ഥാപനം | നിയോജക മണ്ഡലം |
|---|---|---|
| 1 | അങ്ങാടിപ്പുറം പി.എച്ച്.സി | മങ്കട |
| 2 | കുട്ടിലങ്ങാടി പി.എച്ച്.സി | മങ്കട |
| 3 | പുഴക്കാട്ടിരി സി.എച്ച്.സി | മങ്കട |
| 4 | മൂർക്കനാട് പി.എച്ച്.സി | മങ്കട |
| 5 | ചാലിയാർ പി.എച്ച്.സി | ഏറനാട് |
| 6 | കാവനൂർ പി.എച്ച്.സി | ഏറനാട് |
| 7 | ഓടക്കയം പി.എച്ച്.സി | ഏറനാട് |
| 8 | ചെമ്മലശേരി പി.എച്ച്.സി | പെരിന്തൽമണ്ണ |
| 9 | ഏലംകുളം പി.എച്ച്.സി | പെരിന്തൽമണ്ണ |
| 10 | ചെറുകാവ് പി.എച്ച്.സി | കൊണ്ടോട്ടി |
| 11 | വാഴക്കാട് പി.എച്ച്.സി | കൊണ്ടോട്ടി |
| 12 | ചെലേമ്പ്ര പി.എച്ച്.സി | കൊണ്ടോട്ടി |
| 13 | വാഴയൂർ പി.എച്ച്.സി | കൊണ്ടോട്ടി |
| 14 | എടക്കര പി.എച്ച്.സി | നിലമ്പൂർ |
| 15 | പോത്തുകൽ പി.എച്ച്.സി | നിലമ്പൂർ |
| 16 | കരുളായി പി.എച്ച്.സി | നിലമ്പൂർ |
| 17 | മൂത്തേടം പി.എച്ച്.സി | നിലമ്പൂർ |
| 18 | ഇരിങ്ങല്ലൂർ പി.എച്ച്.സി | വേങ്ങര |
| 19 | കാലടി പി.എച്ച്.സി | ത്രിക്കണ്ണാപുരം |
| 20 | കൂട്ടായി പി.എച്ച്.സി | ത്രിക്കണ്ണാപുരം |
| 21 | ത്രിക്കണ്ണാപുരം സി.എച്ച്.സി | ത്രിക്കണ്ണാപുരം |
| 22 | ത്രിപ്രൻഗോഡ് പി.എച്ച്.സി | ത്രിക്കണ്ണാപുരം |
| 23 | കോട്ടക്കൽ സി.എച്ച്.സി | കോട്ടക്കൽ |
| 24 | മറക്കര പി.എച്ച്.സി | കോട്ടക്കൽ |
| 25 | മാറഞ്ചേരി പി.എച്ച്.സി | പൊന്നാനി |
| 26 | നന്നാമുക്കുന്ന് പി.എച്ച്.സി | കോട്ടക്കൽ |
| 27 | പാലപ്പെട്ടി പി.എച്ച്.സി | പൊന്നാനി |

| | | |
|---|---|---|
| 28 | വെളിയൻകോട് പി.എച്ച്.സി | പൊന്നാനി |
| 29 | മൂന്നിയൂർ പി.എച്ച്.സി | വള്ളിക്കുന്ന് |
| 30 | തേൻഞ്ഞിപ്പാലം പി.എച്ച്.സി | വള്ളിക്കുന്ന് |
| 31 | നന്നാമ്പ്ര പി.എച്ച്.സി. | തിരൂരങ്ങാടി |
| 32 | പെരുമണ്ണക്കരി പി.എച്ച്.സി | തിരൂരങ്ങാടി |
| 33 | പൊൻമുണ്ടം പി.എച്ച്.സി | താനൂർ |
| 34 | തനല്ലൂർ പി.എച്ച്.സി | താനൂർ |
| 35 | ദേവർക്കടപ്പുറം പി.എച്ച്.സി | താനൂർ |
| 36 | പോരൂർ പി.എച്ച്.സി | വണ്ടൂർ |
| 37 | തിരുവള്ളി പി.എച്ച്.സി | വണ്ടൂർ |
| 38 | തുവ്വൂർ പി.എച്ച്.സി | വണ്ടൂർ |
| 39 | വളവന്നൂർ സി.എച്ച്.സി | തിരൂർ |
| 40 | തലക്കാട് പി.എച്ച്.സി | തിരൂർ |
| 41 | ത്രിക്കലൻഗോഡ് പി.എച്ച്.സി | മഞ്ചേരി |
| 42 | ത്രിപ്പനച്ചി പി.എച്ച്.സി | മലപ്പുറം |

സെക്ഷൻ ഓഫീസർ